# വിജ്ഞാനവും പ്രവാചകനും

**അഫ്സലുർറഹ്മാൻ**

വിവ: എ.പി കുഞ്ഞാമു

**മുഹമ്മദ്** പള്ളിക്കൂടത്തിലോ സർവകലാശാലയിലോ പഠിച്ചിട്ടില്ല; ചെറുപ്പത്തിൽ എഴുതാനും വായിക്കാനും അഭ്യസിച്ചിട്ടുമില്ല. തീർത്തും നിരക്ഷരനായിരുന്നു അദ്ദേഹം. പക്ഷേ, തന്റെ സഹചരന്മാർക്ക് മനഃശാസ്ത്രവും തത്വചിന്തയും വിദ്യാഭ്യാസതത്ത്വങ്ങളും പഠിപ്പിച്ചുകൊടുക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. സദാചാരം, ധർമനിഷ്ഠ, മതം എന്നിവയുടെ അടിസ്ഥാനതത്വങ്ങൾ അദ്ദേഹം അവരെ പഠിപ്പിക്കുകയും ശാശ്വതമൂല്യങ്ങളുടെയും മാനദണ്ഡങ്ങളുടെയും സമ്പത്ത് അവർക്ക് നൽകുകയും ചെയ്തു. വിദ്യാഭ്യാസം, സാഹിത്യം, തത്വവിചാരം, സാമ്പത്തികശാസ്ത്രം, വാസ്തുശിൽപം, ഭൗതികശാസ്ത്രം, വൈദ്യം, ജ്യോതിശാസ്ത്രം, രാഷ്ട്രീയം, വാണിജ്യശാസ്ത്രം, മനശ്ശാസ്ത്രം, ശരീരശാസ്ത്രം, ജീവശാസ്ത്രം എന്നിവയടക്കം മനുഷ്യകർമങ്ങളുടെ എല്ലാ ശാഖകളിലും വ്യാപരിച്ചുനിൽക്കുന്ന ഒട്ടനേകം വിജ്ഞാനശാഖകളിൽ അവരുടെ സംസ്കാരത്തിനു അടിത്തറയിട്ടത് ഈ മൂല്യങ്ങളും മാനദണ്ഡങ്ങളുമാണ്. മുഹമ്മദ് നബിയുടെ മരണം കഴിഞ്ഞ് ഒരു നൂറ്റാണ്ടിനുള്ളിൽ ഉയർന്നുവന്ന ഈ ഇസ്‌ലാമിക സംസ്കാരമുണ്ടല്ലോ, അത് അക്കാലത്തെ മനുഷ്യസംസ്കൃതിയെയും ജീവിത രീതികളെയും മാത്രമല്ല സ്വാധീനിച്ചത്. മനുഷ്യകുലത്തിന്റെ ചരിത്രത്തിനു മേൽ തന്നെയും അത് ശാശ്വതമായ മുദ്ര പതിപ്പിക്കുകയും നൂറ്റാണ്ടുകളോളം മാനവസംസ്കാരവുമായി ബന്ധപ്പെട്ട സംഭവപരിണാമങ്ങളുടെ ഗതി നിർണയിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ സാംസ്കാരിക പാരമ്പര്യത്തിൽനിന്നു മനുഷ്യസംസ്കാരം മൊത്തത്തിൽ മഹത്തായ ഉത്തേജനം – വിശേഷിച്ചും ശാസ്ത്രപുരോഗതിയുടെയും വികാസത്തിന്റെയും മേഖലകളിൽ– കൈവരിച്ചു എന്നതാണ് വാസ്തവം. നിസ്സംശയം, ശാസ്ത്രജ്ഞാനത്തിന് അദ്ദേഹം നൽകിയ സംഭാവനകൾ അനുപമമാണ്, ചരിത്രത്തിൽ അതേപോലെ മറ്റൊന്നില്ല. മനുഷ്യ സംസ്കാരത്തിന് മഹത്തായ സംഭാവനകളർപ്പിച്ച ആളുകളുടെ കൂട്ടത്തിൽ, അവരിൽ നിന്നെല്ലാം ഏറെ ഉയരത്തിൽ നിൽക്കുന്നു അദ്ദേഹം.

മനുഷ്യചരിത്രത്തിന്റെ ഗതി നിർണയിച്ച യുഗശിൽപി എന്ന് ശരിയായ അർഥത്തിൽ വിളിക്കപ്പെടാൻ അർഹതയുള്ള ഏക വ്യക്തി അദ്ദേഹമാണ്. അജ്ഞാനത്തിന്റെ സ്ഥാനത്ത് അദ്ദേഹം മനുഷ്യന് അറിവ് നൽകി, പാരമ്പര്യത്തിനും ആചാരങ്ങൾക്കും പകരം യുക്തിചിന്ത നൽകി. പൂർവഗാമികളുടെയും മതരാഷ്ട്രീയ നേതാക്കളുടെയും കാലടികൾ അന്ധമായി പിന്തുടർന്ന് പിമ്പേ ഗമിക്കുന്ന സമ്പ്രദായത്തിന് പകരം ചിന്താസ്വാതന്ത്ര്യവും അന്വേഷണ ബുദ്ധിയും എടുത്തുകൊടുത്തു. മറ്റു മനുഷ്യർക്കും സ്വന്തം വ്യക്തിസത്തക്കും അടിമയായിക്കഴിഞ്ഞിരുന്ന മനുഷ്യനെ അതിൽനിന്ന് മോചിപ്പിച്ച് പ്രപഞ്ച സ്രഷ്ടാവും പരമാധികാരിയുമായ ദൈവത്തിന്റെ അധികാരാതിർത്തിക്കുള്ളിൽ അദ്ദേഹം കൊണ്ടുനിർത്തി (ഖുർആൻ: 2:30). പ്രപഞ്ചത്തിൽ തന്റെ യഥാർഥ സ്ഥാനമെന്താണെന്ന് മനുഷ്യർക്ക് മനസ്സിലാക്കിക്കൊടുത്തതും ആകാശഭൂമികകളിൽ നിലവിലുള്ളതും ലഭ്യമായതുമായ എല്ലാ വിഭവങ്ങളുടെയും നിയന്ത്രണം അവർക്ക് വാഗ്ദാനം ചെയ്തതും അദ്ദേഹമാണ് (31:20). മനുഷ്യർക്ക് ഉപയോഗപ്പെടുത്താൻവേണ്ടി പ്രപഞ്ചത്തിലെ അറിയാത്തതും കാണാത്തതുമായ നിധിശേഖരങ്ങളത്രയും തേടിപ്പോവാനുള്ള ശ്രമത്തിൽ അവർക്കുമുമ്പാകെ അതിരില്ലാത്ത ചക്രവാളങ്ങൾ തുറന്നിട്ടതും അദ്ദേഹമാണ് (45: 13). മനുഷ്യർക്ക് അവരുടെ പരിശ്രമങ്ങൾക്കനുസരിച്ച് പ്രതിഫലങ്ങൾ വാഗ്ദത്തം ചെയ്യപ്പെട്ടു. കൂടുതൽ വാഗ്ദാനങ്ങൾ; വാസ്തവത്തിൽ അവരെന്താണോ ആവശ്യപ്പെടുന്നത്, അവർ എന്തിനുവേണ്ടിയാണോ പരിശ്രമിക്കുന്നത് അവയെല്ലാം തന്നെ.

പ്രകൃതിയിലെ അത്ഭുതങ്ങളെച്ചൊല്ലി ആശയക്കുഴപ്പത്തിലായിരുന്നു മനുഷ്യർ. തരംതാണ മൃഗവാസനകളിലേക്കൊതുങ്ങി ജീവിച്ചിരുന്ന അവരെ മൃഗീയജീവിതത്തിന്റെ ആഴങ്ങളിൽനിന്ന് മാലാഖമാരുടേതിലുമുയർന്ന ജീവിതരീതിയിലേക്ക് മുഹമ്മദ് നബി ഉയർത്തി. ദൈവമായിരുന്നു അവരുടെ അതിർവരമ്പ്. പരിമിതമായ ജീവിത പരിവൃത്തിക്കപ്പുറത്തേക്ക്, അവർക്ക് ജ്ഞാനത്തിന്റെ പുതിയ ചക്രവാളങ്ങൾ കാണിച്ചുകൊടുക്കുകയും പുതിയ ലോകം തുറക്കുകയുമായിരുന്നു അദ്ദേഹം. തന്റെ ദിവ്യവെളിപാടുകളുടെ മുഹൂർത്തങ്ങളിൽ ദൈവികമായ മാർഗദർശനത്തിന്റെ പ്രത്യേകാനുഭവങ്ങളിലൂടെ മുഹമ്മദ് പലതും പഠിച്ചു. അറിവിന്റെ അനന്തവും സർഗാത്മകവുമായ ആ ലോകത്തേക്ക് അദ്ദേഹം മനുഷ്യരെ നയിച്ചു. മുൻപ് സ്വായത്തമാക്കിയിട്ടുള്ള എല്ലാറ്റിനെയും തുടച്ചുമാറ്റി തങ്ങൾക്ക് പിന്തുടരാൻ പുതിയ ആശയങ്ങൾ കണ്ടെത്തുകയായിരുന്നു അവർ.

മറ്റൊരു തരത്തിൽ പറഞ്ഞാൽ അജ്ഞതയുടെ ദീർഘനിദ്രയിൽ കഴിഞ്ഞിരുന്ന മനുഷ്യരാശിയെ വിളിച്ചുണർത്തി ജ്ഞാനത്തിന്റെ പ്രകാശത്തിലേക്ക് നയിക്കുകയായിരുന്നു അദ്ദേഹം. വിജ്ഞാനത്തിലും യുക്തിചിന്തയിലും അധിഷ്ഠിതമായ പുതിയ ആദർശങ്ങളും തത്വങ്ങളും നിറഞ്ഞ നൂതനവും സൃഷ്ടിപരവുമായ ഒരു ജീവിതരീതി അദ്ദേഹം അവർക്ക് കാണിച്ചുകൊടുത്തു. ദൈവമല്ലാതെ മറ്റൊരു അതിരില്ലാത്ത ജീവിതപ്പാതയിലൂടെ പുതിയൊരു ദിശയിലേക്കുള്ള സഞ്ചാരമായിരുന്നു അത്. പരമാണുവിന്റെ അറ്റമില്ലാത്ത ലോകത്തേക്ക് മനുഷ്യൻ നയിക്കപ്പെടുന്നു. താനാഗ്രഹിക്കുന്നതെന്തോ അത് നിരന്തരമായി തന്റെ സൃഷ്ടികളുടെ മേൽ ദൈവം കൂട്ടിച്ചേർക്കുന്നു. ശൂന്യതയിൽനിന്ന് ദൈവം പ്രപഞ്ചത്തെ സൃഷ്ടിച്ചു. സകല വസ്തുക്കളുടെയും മേൽ തന്റെ പരമാധികാരം സ്ഥാപിക്കുകയും ചെയ്തു. പരമാണുവിന്റെ പ്രപഞ്ചം എക്കാലത്തും അവന്റെ അഭീഷ്ടത്തിനും അധികാരത്തിനുമനുസരിച്ച് സൃഷ്ടിക്കപ്പെടുകയും വികസിക്കപ്പെടുകയും ചെയ്യുന്നു. ഈ പുതിയ അറിവ് മനുഷ്യന്റെ ജ്ഞാനദാഹത്തിനും അന്വേഷണ ബുദ്ധിക്കും പ്രപഞ്ചത്തെക്കുറിച്ച് അറിയാത്ത സത്യങ്ങൾ തേടാനുള്ള പുതിയ പ്രചോദനവും അവന്റെ ജ്ഞാനത്തിന് പുതിയ മാനങ്ങളും നൽകുകയായി.

പ്രവാചകനെന്ന നിലയിലുള്ള മുഹമ്മദിന്റെ അനുഭവങ്ങളുടെ മറ്റൊരു ഫലം യുക്തിചിന്തക്കും അനുഭവത്തിനും അദ്ദേഹം നൽകുന്ന പ്രാധാന്യമാണ്. യുക്തിചിന്ത, അനുഭവജ്ഞാനങ്ങൾ– ഈ രണ്ട് മാർഗങ്ങളിലൂടെയും പ്രകൃതിയിൽനിന്നും ചരിത്രത്തിൽനിന്നും അറിവ് നേടുന്നതിന് അദ്ദേഹം ഊന്നൽ നൽകുന്നു. മറ്റൊരു രീതിയിൽ പറഞ്ഞാൽ മനുഷ്യന്റെ ഉപയോഗത്തിനും പ്രയോജനത്തിനും വേണ്ടി അറിവിന്റെ കലവറകൾ കണ്ടെത്തുക എന്ന ഒരു പഠനരീതിക്ക് (Inductive Method) അദ്ദേഹം തുടക്കം കുറിച്ചു. ബോധം അയുക്തിക സമ്പ്രദായങ്ങളിലൂടെ വളരുന്നത് തടയുകയും ചെയ്തു. മഹത്തായ ഒരു നേട്ടമായിരുന്നു ഇത്. തന്റെ പരിതഃസ്ഥിതികളുടെ മേൽ മനുഷ്യൻ കൈവരിച്ച അധീശത്വത്തിന്റെ അടയാളവുമായിരുന്നു. അതുവഴി, യഥാർഥത്തിൽ മുഹമ്മദ് ചരിത്രത്തിന്റെ വഴിത്തിരിവുകളിൽ മനുഷ്യജീവിതത്തിലെ അയുക്തികകാലഘട്ടത്തെ യുക്തിപരമായ കാലഘട്ടത്തിൽനിന്ന് വേർതിരിച്ചുകൊണ്ട് നിലകൊണ്ടു. അദ്ദേഹത്തിന്റെ വിദ്യാദാനവും ശിക്ഷണവും മനുഷ്യനെ യുക്തിവിചാരത്തിന്റെയും അനുഭവ യാഥാർഥ്യങ്ങളുടെയും ലോകത്തേക്ക് കൊണ്ടുവരികയും മനുഷ്യനിലെ ഗവേഷണ ത്വരയേയും വിമർശനബുദ്ധിയേയും പ്രചോദിപ്പിക്കുകയും ചെയ്തു. ദൈവത്തിന്റെ ദൃഷ്ടാന്തങ്ങളെ തന്റെ ബാഹ്യവും ആന്തരികവുമായ അനുഭവങ്ങളിലൂടെ നിരീക്ഷിക്കാനും ഓരോ അനുഭവത്തിന്റെയും വ്യത്യസ്തവശങ്ങളിലൂടെ വിജ്ഞാനാർജനശക്തിയെ വിലയിരുത്താനും വേണ്ടി സ്വന്തം വ്യക്തിസത്ത(നഫ്സ്)യിലേക്കും ലോകത്തിനു നേരെയും (ആഫാഖ്) നോക്കണമെന്നു ഖുർആൻ അനുശാസിക്കുന്നു. ഇതിന്റെയെല്ലാം ഉദ്ദേശ്യം തന്റെ ബാഹ്യവും ആന്തരികവുമായ ജീവിതമേഖലയിൽനിന്ന് അറിവ് നേടാനുള്ള അവസരം മനുഷ്യന് നൽകുക എന്നത് മാത്രമാണ്.

സ്വന്തം ആത്മാവിലേക്ക് നോക്കാനും അതിനെ മനസ്സിലാക്കാനും മനുഷ്യന്റെ യുക്തിബോധത്തോട് ഖുർആൻ ആഹ്വാനം ചെയ്യുന്നു:

''അവൻ നിങ്ങൾക്ക് നിങ്ങളിൽനിന്നു തന്നെ ഇണകളെ സൃഷ്ടിച്ചു തന്നതും–അവരോടൊപ്പം നിങ്ങൾ ശാന്തി നുകരാൻ– നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കിത്തന്നതും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാകുന്നു. നിശ്ചയം ചിന്തിക്കുന്ന ജനത്തിന് ഇതിൽ ധാരാളം പാഠങ്ങളുണ്ട്." (30:21)

ഈ സൂക്തത്തിൽ സ്ത്രീപുരുഷന്മാർക്കിടയിലെ ലൈംഗിക ബന്ധത്തിന്റെ അതിശയകരമായ നിഗൂഢതയെക്കുറിച്ചാണ് സൂചിപ്പിക്കപ്പെടുന്നത്. പുരുഷനും സ്ത്രീയും സ്നേഹത്തിന്റെ ബലത്താൽ പരസ്പരം ആകർഷിക്കപ്പെടുന്നു; അവർ ഓരോരുത്തരും മറ്റേയാളിൽനിന്ന് പരസ്പരം ആശ്വാസവും ആനന്ദവും സമാധാനവും തേടുകയും കണ്ടെത്തുകയും ചെയ്യുന്നു. വീണ്ടും അതേ സൂക്തത്തിൽ മനുഷ്യനെ എളിയ നിലയിൽനിന്ന് സൃഷ്ടിച്ചതിനെക്കുറിച്ച് അവരെ ഓർമിപ്പിക്കുന്നുണ്ട്:

''ദുർബലാവസ്ഥയിൽനിന്ന് നിങ്ങളുടെ സൃഷ്ടി ആരംഭിച്ചത് അല്ലാഹു തന്നെയാകുന്നു. ദുർബലതക്കുശേഷം അവൻ നിങ്ങൾക്ക് കരുത്തേകി. കരുത്തിനുശേഷം പിന്നെയും അവശതയും വാർധക്യവും നൽകി. ഉദ്ദേശിക്കുന്നപടി അവൻ സൃഷ്ടി നടത്തുന്നു. സർവജ്ഞനും സർവശക്തനുമത്രെ അവൻ." (30:54)

ഈ സൂക്തം യുവത്വത്തിൽനിന്ന് വാർധക്യത്തിലേക്ക് നീങ്ങുമ്പോൾ മനുഷ്യർ അനുഭവിക്കുന്ന ശാരീരിക മാറ്റങ്ങളിലേക്കാണ് വിരൽ ചൂണ്ടുന്നത്. യുവത്വത്തിന്റെ കരുത്തിനും ഓജസ്സിനും ശേഷം ശൈശവത്തിലെന്നപോലെ ദുർബലവും തീർത്തും നിസ്സഹായവുമായ ഒരവസ്ഥയിലേക്ക് അവർ മടങ്ങിപ്പോകേണ്ടിവരുന്നു. ഇവയും ഇവയെപ്പോലുള്ള മറ്റനേകം അധ്യായങ്ങളും മനുഷ്യന്റെ ആന്തരികാനുഭവങ്ങളുടെ ലോകത്ത് ജ്ഞാനത്തിന്റെ പുതിയ ചക്രവാളങ്ങൾ തുറക്കാനുള്ള പ്രേരണ നൽകുകയാണ് ചെയ്യുന്നത്. അവ മനുഷ്യനെ വീണ്ടും ശരീരശാസ്ത്രപരവും മാനസികവുമായ വിശാലമേഖലയിലേക്ക് കൊണ്ടുപോവുകയും തന്റെ ആന്തരിക വ്യക്തിത്വത്തിന്റെ വിസ്മയങ്ങൾ അനാവരണം ചെയ്യുന്നതിലേക്കും സ്വന്തം അനുഭവങ്ങളിലൂടെ അറിവിന്റെ സമ്പത്ത് വർധിപ്പിക്കുന്നതിലേക്കും അവനെ നയിക്കുകയും ചെയ്യുന്നു.

അതേപോലെത്തന്നെ ദൈവത്തിന്റെ ഭൗതികപ്രപഞ്ചത്തെക്കുറിച്ച് ചിന്തിക്കാനും പ്രകൃതിയിലെല്ലായിടത്തും ചിതറിക്കിടക്കുന്ന അറിവിന്റെ നിധികൾ തന്റെ ബുദ്ധിശക്തിയെ പരിപോഷിപ്പിക്കാൻവേണ്ടി ശേഖരിക്കാനും മനുഷ്യരോട് പറഞ്ഞിരിക്കുന്നു:

"ആകാശഭൂമിയുടെ നിർമിതിയും നിങ്ങളുടെ ഭാഷകളിലും നിറങ്ങളിലും ഉള്ള വൈവിധ്യവും അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതത്രെ. തീർച്ചയായും അറിവുള്ളവർക്ക് ഇതിൽ ധാരാളം പാഠങ്ങളുണ്ട്. രാപ്പകലുകളിൽ നിങ്ങളുറങ്ങുന്നതും അവന്റെ അനുഗ്രഹങ്ങൾ തേടിപ്പോകുന്നതും അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതത്രെ. നിശ്ചയം ശ്രദ്ധിച്ചുകേൾക്കുന്ന ജനത്തിന് ഇതിൽ ധാരാളം പാഠങ്ങളുണ്ട്." (30: 22–24)

വീണ്ടും *അൽബഖറ* സൂറയിൽ ഇങ്ങനെ പറയുന്നു:

"ആകാശ ഭൂമികളുടെ സൃഷ്ടിയിലും ദിനരാത്രങ്ങളുടെ നൈരന്തര്യത്തിലും മനുഷ്യോപയോഗവസ്തുക്കളുമായി നദികളിലും സമുദ്രങ്ങളിലും സഞ്ചരിക്കുന്ന യാനപാത്രങ്ങളിലും അല്ലാഹു മേലെനിന്നും വർഷിപ്പിക്കുന്ന മഴയിലും– അതുവഴി നിർജീവമായ ഭൂമിക്ക് ജീവൻ

നൽകുകയും അതിൽ സകല ജീവജാല ങ്ങളെയും വ്യാപരിപ്പിക്കുകയും ചെയ്യു ന്നു-കാറ്റുകളെ ചലിപ്പിക്കുന്നതിലും ആകാശഭൂമികൾക്കിടയിൽ ആജ്ഞാനു വർത്തിയാക്കി നിർത്തിയിട്ടുള്ള മേഘങ്ങ ളിലും ചിന്താശീലർക്ക് അനേകം ദൃഷ്ടാ ന്തങ്ങളുണ്ട്." (2:164)

ഖുർആനിൽനിന്നുള്ള ഈ മഹ ത്തായ ഖണ്ഡികകൾ ദൈവത്തിന്റെ സൃഷ്ടിയായ ഈ അത്ഭുത പ്രപഞ്ചത്തെ ക്കുറിച്ചുള്ള ഹ്രസ്വമായ വിവരങ്ങൾ നൽകുന്നവയാണ്. ചിന്തിക്കുകയും പ്രകൃ തിയിൽ അന്തർലീനമായിട്ടുള്ള രഹസ്യ ങ്ങൾ തന്റെ പ്രയോജനത്തിനു വേണ്ടി അനാവൃതമാക്കുകയും ചെയ്യാൻ വേണ്ടി യാണിത്. ഈ ഖണ്ഡികകൾ മനുഷ്യ രിലെ അന്വേഷണ വ്യഗ്രതയെ അരക്കിട്ടു റപ്പിക്കുകയും വ്യത്യസ്തദശകളിൽ പ്രകൃതിയുടെ വൈവിധ്യമാർന്ന ബാഹ്യ യാഥാർഥ്യങ്ങളെ വിമർശനാത്മകമായി നിരീക്ഷിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യു ന്നു. പ്രപഞ്ചത്തിൽ തനിക്കു ചുറ്റും പര ന്നുകിടക്കുന്ന ജീവിത യാഥാർഥ്യങ്ങളെ യുക്തിപരമായ നിരീക്ഷണത്തെ അടി സ്ഥാനമാക്കി വ്യക്തിപരമായ അനുഭവ ജ്ഞാനങ്ങളിലൂടെ കണ്ടെത്താൻ മനു ഷ്യനെ സജ്ജമാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. കാര്യങ്ങളെ വിമർശനാ ത്മകമായി നിരീക്ഷിക്കുന്നതിനുള്ള സർ ഗവാസന സൃഷ്ടിച്ചു എന്നത് മുഹമ്മദ് നബി മനുഷ്യരാശിക്കു നൽകിയ ഏറ്റവും മഹത്തായ സംഭാവനകളിലൊന്നാണ്. ഇത് മനുഷ്യനെ പുതിയൊരു ലോക ത്തിന്റെ പടിവാതിൽക്കലെത്തിച്ചു. വിജ്ഞാനത്തിന്റെ പുതിയ ലോകങ്ങൾ അവന്റെ അകത്തും പുറത്തും അവനെ ത്തേടി കാത്തിരിപ്പായിരുന്നു. അന്വേഷ ണത്തിന്റേയും പരീക്ഷണങ്ങളുടെയും നിരീക്ഷണങ്ങളുടെയും യുഗത്തിലേക്ക് അവൻ പ്രവേശിക്കുകയായിരുന്നു. അറിവ് നേടാനുള്ള വഴികൾ അവയാണ ല്ലോ. മൂർത്ത യാഥാർഥ്യങ്ങളെക്കുറിച്ച് മനസ്സ് ചിന്തിക്കുന്നു. അതുവഴി മൂർത്തത ക്കപ്പുറത്തേക്ക് മനുഷ്യബുദ്ധി കടന്നു ചെന്ന് തന്നെക്കുറിച്ചും തന്റെ ചുറ്റുപാടു കളെക്കുറിച്ചുമുള്ള പുതുവിജ്ഞാന ത്തിന്റെ സമ്പത്താർജിക്കുന്നു. ഈ പ്രക്രി യയെ ഖുർആൻ വിശേഷിപ്പിക്കുന്നത് ഇപ്രകാരമാണ്:

"മനുഷ്യരുടെയും ജിന്നുകളു ടെയും സംഘമേ, ഭൂമിയുടെയും വാന ലോകങ്ങളുടെയും അതിരുകൾ ഭേദിച്ച് ഓടാൻ നിങ്ങൾക്ക് കഴിയുമെങ്കിൽ ഓടി നോക്കുക. ഓടാൻ നിങ്ങൾക്ക് കഴിയില്ല. അതിന് വമ്പിച്ച ശക്തിതന്നെ വേണം." (55:33)

ജീവിതത്തെക്കുറിച്ചുള്ള ഈ തത്വ വിചാരം മനുഷ്യന് അനന്ത സാധ്യതകൾ തുറന്നുകൊടുത്തിട്ടുണ്ട്. എത്രയേറെ ഔന്നത്യത്തിലേക്ക് വേണമെങ്കിലും, ബാഹ്യപ്രപഞ്ചത്തിന്റെ അതിരുകൾക്ക പ്പുറത്തേക്ക് പോലും, അവന് ഉയരാം. അവന്റെ പരമമായ അതിർത്തിരേഖ ദൈവം തന്നെയാണ്. ഈ ജീവിത തത്വ ശാസ്ത്രത്തിന് ബുദ്ധിപരമായോ മതമന ശ്ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിലോ അതിരൊന്നുമില്ല. അത് അനന്തതയെ പുൽകാൻ അഭിലഷിക്കുന്നു. നിശ്ചല മായ പ്രപഞ്ചമെന്ന ഗ്രീക്ക് ആശയത്തെ അതു നിരാകരിക്കുകയും പകരം പ്രപഞ്ച ത്തെക്കുറിച്ചുള്ള ചലനാത്മക ദർശനം കാഴ്ചവെക്കുകയും ചെയ്യുന്നു. ജീവിത ത്തെക്കുറിച്ചുള്ള ഈ സങ്കൽപം ഇഖ്ബാൽ മനോഹരമായി ആവിഷ്കരി ച്ചിട്ടുണ്ട്:

"വികാരലോലനായ വഴിയാത്ര ക്കാരാ! യാത്ര അവസാനിക്കാതിരിക്കട്ടെ. നിന്റെ പ്രണയിനി മധുരവാക്കുകളുമായി നിന്നെ വശീകരിച്ചേക്കാം.

എന്നാലും അവളെയും കടന്ന് യാത്ര തുടരുക."

ഇസ്‌ലാമിക സങ്കൽപം സൃഷ്ടി യുടെ നൈരന്തര്യത്തെക്കുറിച്ചുള്ള ആശ യമാണ് നൽകുന്നതെന്ന് ഇതിൽനിന്ന് വ്യക്തമാണ്. വളർന്നുകൊണ്ടിരിക്കുന്ന പ്രപഞ്ചം എന്നതാണ് ഇതിന്റെ അർഥം. ഈ പ്രപഞ്ചത്തിൽ മനുഷ്യന്റെ ചുമതല നിരന്തരമായി സമരം ചെയ്യുക എന്നതാ ണ്. യുക്തിസഹമായ നിരീക്ഷണത്തിലൂ ടെയായിരിക്കണം ഈ സമരം. യഥാർഥ ത്തിൽ അവനെ സംബന്ധിച്ചേടത്തോളം അതാണ് പുരോഗതിയിലേക്കുള്ള താക്കോൽ.

തത്വചിന്തയുടെയും ധാർമികത യുടെയും ലോകത്തും ഈ സങ്കൽപ ത്തിന് പ്രസക്തിയുണ്ട്. ദൈവത്തിന്റെ നന്മ, ഔദാര്യം, നീതി എന്നിവയുടെ പ്രതിഫലനങ്ങളാണവ. ദൈവത്തിന്റെ അടിമ എന്ന നിലക്ക് മനുഷ്യ മഹത്വ ത്തിന്റെ ഏറ്റവും ഉയർന്ന നില ദൈവ ത്തിന്റെ പ്രീതി നേടുക എന്നത് തന്നെ യാണ്. ഭൂമിയിൽ ദൈവത്തിന്റെ നിയമം സ്ഥാപിക്കുക. അതായത് സത്യത്തി ന്റെയും നീതിയുടെയും നന്മയുടെയും ഭരണം സ്ഥാപിക്കുക എന്നതാണ് അവന്റെ ചുമതല. അവൻ കഠിനാധ്വാനം ചെയ്യണം. ഭൂമിയിൽ ദൈവമാർഗം സ്ഥാപിക്കപ്പെടുന്നത് വരെ ഈ പരിശ്രമം തുടർന്നേ മതിയാവൂ. മറ്റ് യാതൊരു വഴി യിലും ജനങ്ങൾക്ക് സമാധാനവും സന്തോഷവും ഉണ്ടാവുകയില്ല. കാരണം അവയൊന്നും സത്യത്തിന്റെ മാർഗമല്ല എന്നത് തന്നെ. മറ്റൊരു തരത്തിൽ പറ ഞ്ഞാൽ അവയൊന്നും ജീവിതത്തിന്റെ നേരായ സ്വഭാവം പ്രകടിപ്പിക്കുന്നതല്ല. അതിനാൽ അവക്കൊന്നും ഈ ഭൂമി യിലെ ജീവജാലങ്ങൾക്ക് സമാധാനവും സന്തോഷവും ഉറപ്പുകൊടുക്കാൻ സാധ്യ വുമല്ല. സത്യമാർഗം അഥവാ ദൈവ മാർഗം സ്വീകരിക്കുന്നതിലൂടെ മാത്രമേ ഇവ രണ്ടുമുണ്ടാവൂ.

ഒരു യഥാർഥ വിശ്വാസി അതി നാൽ ഭൂമിയിൽ സത്യത്തിന്റെ ജീവിതവ്യ വസ്ഥ സ്ഥാപിക്കപ്പെടുന്നതു വരെ പൊരുതുകതന്നെ വേണ്ടിയിരിക്കുന്നു:

"സത്യവിശ്വാസികളേ, കുഴപ്പവും ധിക്കാരവും അവസാനിക്കുവോളം, മനു ഷ്യന്റെ വിധേയത്വം പൂർണമായി അല്ലാ ഹുവോട് ആയിത്തീരുവോളം ഈ ധിക്കാ രികളോട് സമരം ചെയ്യുക." (8:39)

മുഹമ്മദിന്റെ വകയായി ലഭിച്ച ഈ രണ്ടു സങ്കൽപങ്ങളും മനുഷ്യ സംസ്കാ രത്തിനുമേൽ മഹത്തായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ജ്ഞാനാന്വേഷണ ത്തിന്റെ ഫലമായി കാലപ്രവാഹത്തിനിട യിൽ നിലവിൽവന്ന വ്യത്യസ്ത ശക്തി കൾക്കും സമ്പ്രദായങ്ങൾക്കുമിടയിലുള്ള തുലനശക്തി തൗഹീദ് (ദൈവത്തിന്റെ ഏകത്വം) ആണ്. അത് ഒരു തിരുത്തൽ ശക്തിയാണ്. ജീവിത വ്യവസ്ഥയെ സത്യ ത്തിന്റെ നിയമങ്ങൾക്കുള്ളിൽ അത് ഒതുക്കിനിർത്തി. ഇതാണ് ഇസ്‌ലാമിന്റെ ഏറ്റവും വലിയ സംഭാവന. ഇത് മനു ഷ്യന് ജ്ഞാനത്തിന്റെയും ഗവേഷണ ത്തിന്റെയും പുതിയ മേഖലകൾ തുറന്നു കൊടുത്തതോടൊപ്പം അവയെ സത്യ ത്തിന്റെ നിയമങ്ങൾക്കുള്ളിലൊതുക്കി നിർത്താനുള്ള താക്കോലും കൊടുത്തു. ഭൗതിക പ്രപഞ്ചത്തിലും ബുദ്ധിയുടെ ലോകത്തുമുള്ള വികാസങ്ങൾ പ്രകൃതി നിയമങ്ങൾക്കുള്ളിൽത്തന്നെ ഒതുങ്ങി നിൽക്കാൻ അത് വഴിയൊരുക്കി. പക്ഷേ, നിർഭാഗ്യകരമെന്ന് പറയട്ടെ, ക്രിസ്ത്യൻ ചർച്ചും പടിഞ്ഞാറൻ ശാസ്ത്രജ്ഞ ന്മാരും തമ്മിൽ ആധുനിക യുഗത്തിന്റെ ആദ്യഘട്ടങ്ങളിലുണ്ടായ സ്പർധ ശാസ്ത്രജ്ഞന്മാരെ ഇസ്‌ലാമടക്കമുള്ള മതങ്ങളെ ഒന്നടങ്കം അയുക്തികമെന്നും അശാസ്ത്രീയമെന്നും പറഞ്ഞ് തള്ളിക്ക

ളയുന്നതിലേക്കാണ് നയിച്ചത്. ദൈവിക സദാചാരത്തിന്റെ സ്വാധീനത്തിൽ നിന്നകന്ന ശാസ്ത്ര രാക്ഷസൻ ഇന്നു മനുഷ്യാനുഭവങ്ങളുടെ ഭൗതികവും ബുദ്ധിപരവുമായ മേഖലകളെ കൈയടക്കിവെക്കുകയും അവയെ അനാരോഗ്യകരമായ ദുർമാർഗങ്ങളിലേക്ക് നയിക്കുകയും ചെയ്യുന്നു. സത്യമാർഗത്താൽ നയിക്കപ്പെടുകയും, നീതി, നന്മ, ഉദാരത തുടങ്ങിയ സദ്ഗുണങ്ങളാൽ മനുഷ്യസംസ്കാരത്തെ സമ്പന്നമാക്കുകയും ചെയ്യേണ്ടിയിരുന്നതെന്തോ അത് അനീതി, അശ്ലീലം, തിന്മ, അഴിമതി എന്നിവ പരത്തിക്കൊണ്ടിരിക്കുന്നു. ശാസ്ത്രീയജ്ഞാനത്തിന്റെയും അന്വേഷണത്തിന്റെയും മേഖലകളിൽ മുഹമ്മദിന്റെ ദിശാസൂചനകളുടെ ഗുണം മനുഷ്യൻ ഇന്നും അനുഭവിക്കുന്നുണ്ട്. പക്ഷേ, അദ്ദേഹം നൽകിയ ധാർമികമായ തീർപ്പുകൾ അവന്ന് നഷ്ടപ്പെട്ടുപോയിരിക്കുന്നു. മനുഷ്യ സംസ്കാരത്തിന്റെ ഗുണത്തിന് ശാസ്ത്രത്തെ ഉപയോഗിക്കാനും നിയന്ത്രിക്കാനുമുള്ള തുലനശക്തിയാണ് ഇങ്ങനെ നഷ്ടമായത്. മനുഷ്യരാശിക്ക് മുഹമ്മദ് നൽകിയ ഈ മഹത്തായ സംഭാവനയെക്കുറിച്ച് ടൗൺസെൻഡ് എഴുതുന്നു: "മുഹമ്മദിനു കീഴിൽ ഒരുതരം ജനാധിപത്യത്തിൽ ഊന്നിനിന്ന സമത്വഭാവന പൊട്ടിമുളച്ചു. ലോകത്ത് മറ്റെവിടെയുമുണ്ടായിട്ടുള്ളതിനേക്കാൾ പൂർണമായ ഒരു സങ്കൽപമാണ് ഇങ്ങനെ ഉയർന്നുവന്നത്. ആധുനിക പരിഷ്കർത്താക്കളേക്കാൾ ഉയർന്ന ശിക്ഷകനായിരുന്നു മുഹമ്മദ്. യൂറോപ്പിലെ യുദ്ധവേളകളിൽ ഈ പരിഷ്കർത്താക്കളുടെ സ്വതന്ത്ര ചിന്തയിലൂന്നിയ അധ്യയനങ്ങൾക്ക് യുദ്ധവും ഏകാധിപത്യവും തടയാൻ കഴിഞ്ഞില്ലെന്നതാണ് സത്യം" (Merdith Townsend, Muhammad p: 34). ജോർജ്ബുഷ് എഴുതുന്നത് നോക്കുക: "വേദപുസ്കങ്ങളെ ആധാരമാക്കി നടന്ന വിപ്ലവങ്ങളെന്ന് നാം സമ്മതിക്കുന്ന ചരിത്രത്തിലുണ്ടായ യാതൊരു വിപ്ലവവും പരിഷ്കൃത ലോകത്തിന്റെ അവസ്ഥക്ക് മുഹമ്മദനിസത്തിന്റെ ഉദയവും പുരോഗതിയും സ്ഥിര വാഴ്ചയും വരുത്തിവെച്ച മാറ്റങ്ങൾക്ക് തുല്യമായ യാതൊരു മാറ്റവും സൃഷ്ടിച്ചിട്ടില്ല" (The Life of Muhammed p. 17). റോബർട്ട് എൽ ഗൂലിക്കിന്റെ അഭിപ്രായത്തിൽ, "മുഹമ്മദ് തീർച്ചയായും ഒരു ശിക്ഷകനായിരുന്നു. മനുഷ്യരാശിയെ കൂടുതൽ മഹത്തായ സ്വാതന്ത്ര്യത്തിലേക്കും സന്തോഷത്തിലേക്കും നയിക്കാനുള്ള പാതയിലെ വഴിയടയാളമായ മഹാവൃക്ഷം. അതുല്യമായ ഗതിവേഗവും വെല്ലുവിളികളുയർത്തുന്ന ഊർജ്ജസ്വലതയുമാർന്ന വൈവിധ്യപൂർണമായ ഒന്നാണ് ഇസ്‌ലാമിക സംസ്കാരം. ഈ സംസ്കാരത്തിന്റെ വികാസത്തെ പ്രചോദിപ്പിച്ച ജീവിതക്രമവും ഭദ്രതയും പ്രദാനം ചെയ്തത് മുഹമ്മദ് ആണ് എന്ന വസ്തുത നിഷേധിക്കാവുന്നതല്ല. മനുഷ്യ സ്വഭാവത്തെ ഉദാത്തവൽക്കരിക്കുന്നവരാരോ അവരാണ് വിദ്യാഭ്യാസ പരിഷ്കർത്താക്കളുടെ കൂട്ടത്തിലെ രാജകുമാരന്മാർ എന്ന നിലപാടനുസരിച്ച് മുഹമ്മദിനെ എക്കാലത്തേയും ഏറ്റവും ഉയർന്ന വിദ്യാഭ്യാസ പരിഷ്കർത്താക്കളുടെ കൂട്ടത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്നതിന്റെ നിയമസാധുതയെ ആരും നിരാകരിക്കുകയില്ല." (Muhammed The Educator- p. p 45-107)

വിദ്യാഭ്യാസത്തിനും വിജ്ഞാനത്തിനും മുഹമ്മദ് നൽകിയ സംഭാവനകൾ ഒരുനിലക്കും അദ്ദേഹം മനുഷ്യകർമങ്ങളുടെ ഇതര മേഖലകൾക്ക് നൽകിയ സംഭാവനകളേക്കാൾ ചെറുതല്ല എന്നത് സംശയരഹിതമാണ്. താൻ ജനിച്ചുവളർന്നത് ആർക്കിടയിലാണോ അവരെ തന്റെ ദിവ്യജ്ഞാനംകൊണ്ടും ബൃഹദ് വിജ്ഞാനം കൊണ്ടും അദ്ദേഹം സമ്പന്നരാക്കി. അവരിലൂടെ മനുഷ്യരാശിക്ക് മുഴുവനും അദ്ദേഹം തന്റെ സംഭാവനകളർപ്പിച്ചു. അറേബ്യൻ ഉപഭൂഖണ്ഡത്തിൽ അദ്ദേഹം വിജ്ഞാനത്തിന്റെ ദീപശിഖ കൊളുത്തുകയും ക്രമേണ അത് ലോകത്തിന് മുഴുവൻ പ്രകാശം പകർന്നുകൊടുക്കുകയും ചെയ്തു. അജ്ഞതയുടെയും അന്ധവിശ്വാസങ്ങളുടെയും എല്ലാ നിഴലുകളെയും ഈ ദീപജ്വാല ഇല്ലാതാക്കി. നിരക്ഷരനും അശിക്ഷിതനുമായ ഒരു മനുഷ്യൻ മനുഷ്യകുലത്തിന്റെ ഏറ്റവും ഉന്നതനായ യഥാർഥ ശിക്ഷകനായി എന്നത് അവിശ്വസനീയവും വിചിത്രവുമാണ്. ഒരു പ്രാകൃത ജനതയിൽനിന്ന് അദ്ദേഹം പണ്ഡിതരെയും തത്ത്വചിന്തകരെയും സൃഷ്ടിക്കുകയും അവരെ ലോകനായകന്മാരാക്കിത്തീർക്കുകയും ചെയ്തു. ഖുർആൻ മാത്രമായിരുന്നു അദ്ദേഹത്തിന്റെ ദിവ്യാത്ഭുതം. ചരിത്രത്തിന്റെ ഗതിയെ പൂർണമായും മാറ്റുകയും ലോകത്ത് അറിവിന്റെ പ്രകാശം പ്രസരിപ്പിക്കുകയും ചെയ്ത അത്ഭുതമാണത്.

നിരക്ഷരനും അശിക്ഷിതനുമായ ഒരു മനുഷ്യൻ വ്യത്യസ്ത മേഖലകളിൽ ജ്ഞാനസമ്പാദന തൃഷ്ണയെ പ്രചോദിപ്പിക്കുകയും പിന്നീട് പ്രായോഗിക തലത്തിൽ പാശ്ചാത്യൻ ശാസ്ത്രീയ വിപ്ലവത്തെ നയിക്കുകയും ചെയ്ത ഒരു ജനതയുടെ ശിക്ഷകനായി മാറി എന്നതിനെക്കുറിച്ച് മുൻവിധികൾ കൂടാതെ നിഷ്പക്ഷമായി പരിശോധിക്കുകയാണെങ്കിൽ എത്തിച്ചേരുന്ന നിഗമനം അത് ദൈവികമായ മാർഗദർശനം സൃഷ്ടിച്ച അത്ഭുതമാണ് എന്നതല്ലാതെ മറ്റൊന്നുമായിരിക്കുകയില്ല. മുഹമ്മദിന് സ്വന്തം നിലക്ക് ആർജിക്കാൻ കഴിയുമായിരുന്ന ഒരു നേട്ടമല്ല ഇത്. ഒരു പണ്ഡിതന്റെ അഭിപ്രായത്തിൽ: "അദ്ദേഹം സൃഷ്ടിച്ച ഇടിമുഴക്കം പുരോഹിതന്മാരുടെയും ഭരണാധികാരികളുടെയും സമഗ്രാധിപത്യത്തിന്നെതിരായി മനുഷ്യചിന്ത സൃഷ്ടിച്ച ഉണർവിന്റെ സൂചനയായിരുന്നു. മർദനോപാധികളായ സ്ഥാപനങ്ങളുടെയും പരസ്പരം കലഹിക്കുന്ന ജനസഞ്ചയങ്ങളുടെയും ആ കാലഘട്ടത്തിൽ മനുഷ്യന്റെ ആത്മാവ് ബുദ്ധിശൂന്യമായ സിദ്ധാന്താവകാശികളുടെ ഭാരത്തിനടിയിൽ പെട്ട് ചതഞ്ഞരയുമ്പോൾ, മനുഷ്യശരീരം നിക്ഷിപ്ത താൽപര്യങ്ങളുടെ വാഴ്ചയിൽപെട്ട് ചവിട്ടിമെതിക്കപ്പെടുമ്പോൾ അദ്ദേഹം ജാതിയുടെയും പ്രത്യേകാവകാശങ്ങളുടെയും അതിർവരമ്പുകൾ തകർത്തു. ദൈവത്തിലേക്കണയാനുള്ള മനുഷ്യന്റെ വഴികളിൽ നിറഞ്ഞ ചിലന്തിവലകളെ അദ്ദേഹത്തിന്റെ നിശ്വാസങ്ങൾ നശിപ്പിച്ചു. മനുഷ്യനും സ്രഷ്ടാവുമായുള്ള ബന്ധത്തിലെ എല്ലാ പ്രത്യേകാവകാശങ്ങളേയും അദ്ദേഹം ഇല്ലാതാക്കി. നിരക്ഷരനായ പ്രവാചകന്റെ സന്ദേശം സാമാന്യജനങ്ങൾക്കുള്ളതായിരുന്നു. അത് ജ്ഞാനത്തിന്റെയും അധ്യയനത്തിന്റെയും മൂല്യം ഉദ്ഘോഷിച്ചു. പേനയിൽ മനുഷ്യന്റെ കർമങ്ങൾ രേഖപ്പെടുത്തുന്നു. പേനയിൽ മനുഷ്യൻ വിലയിരുത്തപ്പെടുന്നു. ദൈവദൃഷ്ടിയിൽ പേനയാണ് മനുഷ്യ കർമങ്ങളുടെ പരമമായ വിധി നിർണയിക്കുന്നത്. യുക്തിചിന്തയോടും മനുഷ്യരാശിയുടെ സദാചാരമൂല്യങ്ങളോടുമുള്ള അദ്ദേഹത്തിന്റെ നിരന്തരമായ അഭ്യർഥനയും അമാനുഷികാത്ഭുതങ്ങളുടെ നിരാകരണവും ദൈവിക ഭരണകൂടത്തെക്കുറിച്ചുള്ള പൂർണമായ ജനാധിപത്യ സങ്കൽപവും മതദർശനങ്ങളുടെ സാർവത്രികതയും അദ്ദേഹത്തിന്റെ വെറും മാനുഷികതയുമെല്ലാം അദ്ദേഹത്തെ മുൻഗാമികളിൽനിന്നു വേർതിരിച്ചുനിർത്തുകയും ആധുനിക ലോകവുമായി കൂട്ടി യോജിപ്പിക്കുകയും ചെയ്യുന്നു."